# കാലിക്കറ്റ് സർവ്വകലാശാല

**ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്**

35999/DOA-ASST-4/2026/Admn 13.07.2026

**<u>പത്രക്കുറിപ്പ്</u>**

**MBA പ്രവേശനം 2026 : രണ്ടാം ഘട്ടപ്രൊവിഷണൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു**

**കൗൺസിലിംഗ് 20.07.2026 മുതൽ**

2026-27 അധ്യയന വർഷത്തേക്കുള്ള കാലിക്കറ്റ് സർവകലാശാലയുടെ പഠനവകുപ്പുകളിലെയും സ്വാശ്രയ സെന്ററുകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും (ഓട്ടോണമസ് കോളേജുകൾ ഒഴികെ) എം ബി എ (MBA) പ്രവേശനത്തിനുള്ള രണ്ടാം ഘട്ട പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് സർവകലാശാലയുടെ പ്രവേശന വെബ്സൈറ്റായ admission.uoc.ac.in ൽ ലഭ്യമാണ്.

റാങ്ക് പട്ടികയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികളോ ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ, അവ 15.06.2026 തീയതി ഉച്ചയ്ക്ക് 2.00 മണിക്ക് മുമ്പായി സർവകലാശാലാ അഡ്മിഷൻ ഡയറക്ടറേറ്റിനെ അറിയിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്കുള്ള അഡ്മിഷൻ കൗൺസിലിംഗ് 20.07.2026 മുതൽ സർവകലാശാലാ ക്യാമ്പസ്സിലുള്ള കോമേഴ്സ് & മാനേജ്മെന്റ് പഠന വകുപ്പിൽ (ഡി.സി.എം.എസ്.) വച്ച് നടത്തുന്നതാണ്.27.06.2026-ന് നടന്ന ഒന്നാം ഘട്ട പ്രവേശന കൗൺസിലിംഗിൽ ഹാജരാകാൻ സാധിക്കാതിരുന്ന ഉദ്യോഗാർഥികളെയും 20.07.2026-ന് നടക്കുന്ന പ്രവേശന കൗൺസിലിംഗിൽ പരിഗണിക്കുന്നതാണ്. പ്രവേശന കൗൺസിലിംഗ് നടപടികളിൽ ഒന്നാം ഘട്ട റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന ഉദ്യോഗാർഥികൾക്ക് മുൻഗണന നൽകുന്നതാണ്.

ഫോൺ : 0494 2407363,2407016,2407017.

ഇമെയിൽ :dcmshod@uoc.ac.in, dcmsoffice@uoc.ac.in

Rajeevan Mundayat ValappilDeputy Registrar

To

പബ്ലിക് റിലേഷൻസ് ഓഫീസർ (എല്ലാ ജില്ലകളിലും പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)